# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE : 03.08.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ആഗോള ഭക്ഷ്യ - പോഷകാഹാര സുരക്ഷയ്ക്ക് പരിഹാരങ്ങൾ നൽകുന്നതിൽ ഇന്ത്യക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; കാർഷിക സാമ്പത്തിക വിദഗ്ധരുടെ അന്താരാഷ്ട്ര സമ്മേളനത്തെ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi says that India has a major role in providing solutions to global food and nutrition security; the Prime Minister addresses the International Conference of Agricultural Economists in New Delhi.**

2. പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ.

   **Centre issues draft notification to declare Western Ghats eco-sensitive.**

3. വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ ചൂരൽമലയിലും മുണ്ടക്കൈയിലും രക്ഷാപ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുന്നു; നിലമ്പൂർ വനമേഖലയിലും ചാലിയാറിന്റെ തീരങ്ങളിലും തിരച്ചിൽ തുടരുന്നു.

   **Search and rescue operations are progressing rapidly in Churalmala and Mundakai in Wayanad; search continues in the Nilambur forest area and the banks of Chaliyar.**

4. വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് അനുയോജ്യമായ പ്രവചന സംവിധാനങ്ങൾ വികസിപ്പിക്കാൻ കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**In the wake of Wayanad disaster, State Govt to ask the Center for Climate Change Studies in Kottayam to develop suitable forecasting systems for Kerala , says Chief Minister Pinarayi Vijayan.**

5. പാരീസ് ഒളിമ്പിക്സിൽ മെഡൽ പോരാട്ടം തുടർന്ന് ഇന്ത്യ; ഒളിമ്പിക്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസ് സെമിഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യൻ താരമെന്ന ചരിത്ര നേട്ടം സ്വന്തമാക്കി ലക്ഷ്യ സെൻ.

**India continues to compete for medals in Paris Olympics; Lakshya Sen becomes first Indian male shuttler to reach semifinals of Olympics.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM - AGRI ECONOMIST - INTRO

ആഗോള ഭക്ഷ്യ - പോഷകാഹാര സുരക്ഷയ്ക്ക് പരിഹാരങ്ങൾ നൽകുന്നതിൽ ഇന്ത്യക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതും കർഷകരുടെ ജീവിതം മെച്ചപ്പെടുത്തുന്നതും ലക്ഷ്യമിട്ടുള്ള പരിഷ്കാരങ്ങളും നടപടികളും രാജ്യത്ത് തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാമത് അന്താരാഷ്ട്ര സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സർക്കാരിൻറെ സാമ്പത്തിക നയത്തിൻറെ ഉറവിടം കാർഷികരംഗമാണെന്ന് പറഞ്ഞ ശ്രീ മോദി, മില്ലറ്റ്, പാൽ, പയർവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഏറ്റവും വലിയ ഉത്പാദകരാണ് ഇന്ത്യയെന്നും വ്യക്തമാക്കി.

(പി.എം – വോയ്സ്)

രാസ രഹിത ജൈവ കൃഷിയാണ് രാജ്യത്ത് പ്രോത്സാഹിപ്പിക്കപ്പെടുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. സുസ്ഥിര കൃഷി രീതിക്ക് 2024-25 ലെ കേന്ദ്ര ബജറ്റിൽ വലിയ പരിഗണനയാണ് നല്കിയിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന ആയിരത്തി 900 പുതിയ ഇനം വിളകൾ കേന്ദ്ര സർക്കാർ ലഭ്യമാക്കിയതായും പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 2
## CENTRE- ESA NOTIFICATION

പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കി. ആറ് സംസ്ഥാനങ്ങളിലായി 56 ആയിരത്തി 800 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങളെ പരിസ്ഥിതി ലോല മേഖലയായി കരട് വിജ്ഞാപനത്തിൽ നിർണയിച്ചിട്ടുണ്ട്. കേരളത്തിന് പുറമെ തമിഴ് നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ പ്രദേശങ്ങൾ ഉൾപ്പെടെയാണ് ഇത്. പൊതുജനങ്ങൾക്ക് കരടിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറുപത് ദിവസത്തിനുള്ളിൽ അറിയിക്കാം. esz-mef@nic.in എന്ന ഇമെയിൽ വിലാസത്തിലാണ് അഭിപ്രായങ്ങൾ അറിയിക്കേണ്ടത്. പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിക്കുന്നയിടങ്ങളിൽ ഖനനം, ക്വാറികൾ, വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടാകും.

&&&&&&&&&&&&&&&&

## HEADLINE – 3
## WAYANAD-SEARCH

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ ചൂരൽമലയിലും മുണ്ടക്കൈയിലും രക്ഷാപ്രവർത്തനം അഞ്ചാം ദിവസം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മണ്ണിനും കെട്ടിടാവശിഷ്ടങ്ങൾക്കുമിടയിൽ യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും വിന്യസിച്ചു കൊണ്ടുള്ള തിരച്ചിലാണ് നടക്കുന്നത്. അതേസമയം, ദുരന്തബാധിതരെ പാർപ്പിച്ചിരിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മന്ത്രിസഭാ ഉപസമിതി അഭ്യർത്ഥിച്ചു. ചലച്ചിത്രതാരം ലഫ്. കേണൽ മോഹൻലാൽ ഇന്ന് ദുരന്ത പ്രദേശമായ മുണ്ടക്കൈ സന്ദർശിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3 (a)
## CHALIYAR SEARCH

മലപ്പുറം ജില്ലയിലെ നിലമ്പൂർ വനമേഖലയിലും ചാലിയാറിന്റെ തീരങ്ങളിലും ഉരുൾപൊട്ടൽ ദുരന്തത്തിൽ അകപ്പെട്ടവർക്കായുള്ള തിരച്ചിൽ ഇന്നും തുടരുന്നു. പ്രതികൂല കാലാവസ്ഥയും മറികടന്നാണ് പുഴയിലും കാട്ടിലുമായി തിരച്ചിൽ നടക്കുന്നത്.

&&&&&&&&&&&&&&&&

## WAYANAD - DEATH TOLL

ഉരുൾപൊട്ടൽ ദുരന്തത്തിൽ 30 കുട്ടികളുൾപ്പടെ മരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. 148 പേരുടെ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്.

രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. വയനാട് ജില്ലയിലെ തൊണ്ണൂറിലേറെ ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ പതിനായിരത്തോളം പേരാണ് കഴിയുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 4
## CM PRESS MEET INTRO

ഉരുൾപൊട്ടൽ ബാധിത വയനാട്ടിൽ പുതിയ ടൗൺഷിപ്പ് നിർമ്മിച്ച് സമഗ്ര പുനരധിവാസം സാധ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് അനുയോജ്യമായ പ്രവചന സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള പഠനം നടത്താൻ കോട്ടയത്തെ കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

(മുഖ്യമന്ത്രി വോയിസ്)

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പടെ നിരവധി പേർ പുനരധിവാസത്തിന്റെ ഭാഗമായി വീട് നിർമിച്ചു നൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതായി മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കഴിയുന്നവർ എല്ലാം ധനസഹായം നൽകണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## RAIN KERALA

കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ പാത്തിയുടെ ഫലമായി കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്,

വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാൾ വരെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ മാറി താമസിക്കണമെന്നും നിർദ്ദേശമുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കേരള - തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പുലർത്തണം.

&&&&&&&&&&&&&&&&

## KARKADAKA VAVU

കർക്കടക വാവിനോട് അനുബന്ധിച്ച് ഇന്ന് കേരളത്തിലെ വിവിധ ബലിതർപ്പണ കേന്ദ്രങ്ങളിൽ വലിയ തിരക്ക്. തിരുവനന്തപുരത്ത് തിരുവല്ലം, വർക്കല, ശംഖുമുഖം, അരുവിക്കര, അരുവിപ്പുറം തുടങ്ങി എട്ടിടങ്ങളിലും ആലുവ മണപ്പുറം, പത്തനംതിട്ടയിലെ തൃപ്പാറ മഹാദേവ ക്ഷേത്രം, ആറന്മുള ക്ഷേത്രക്കടവ് , കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, മുണ്ടയ്ക്കൽ പാപനാശം, അഷ്ടമുടി ത്രിവേണി സംഗമം, കണ്ണൂർ തളാപ്പ് സുന്ദര ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, പയ്യാമ്പലം കടപ്പുറം തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലും ബലിതർപ്പണ ചടങ്ങുകൾ രാവിലെ മുതൽ തന്നെ ആരംഭിച്ചു. അമാവാസി രണ്ടു ദിവസങ്ങളിലായതിനാൽ ചിലയിടങ്ങളിൽ നാളെയാണ് വാവുബലി.

&&&&&&&&&&&&&&&&

## MEA-PREZ VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപതി മുർമു തിങ്കളാഴ്ച ഫിജിയിലേക്ക് യാത്ര തിരിക്കും. ഈ മാസം 10 വരെ ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റെ

എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. സന്ദർശന വേളയിൽ രാഷ്ട്രപതി, ഫിജിയൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ഫിജിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ശ്രീമതി മുർമു ഇന്ത്യൻ സമൂഹവുമായി സംവദിക്കും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ ന്യൂസിലന്റിലെത്തുന്ന രാഷ്ട്രപതി വെല്ലിംഗ്ടണിൽ നടക്കുന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, രാഷ്ട്രപതി തിമോർ-ലെസ്റ്റെയിലെത്തി പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## HEADLINE – 5
## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ മെഡലിനായുള്ള പോരാട്ടം തുടർന്ന് ഇന്ത്യ. ഇന്ന് മനു ഭാക്കർ ഷൂട്ടിങ്ങിലും, ദീപിക കുമാരി, ഭജൻ കൗർ എന്നിവർ അമ്പെയ്ത്തിലും, നിശാന്ത് ദേവ് ബോക്സിംഗിലും ഫൈനൽ മത്സരങ്ങൾക്കിറങ്ങും. ഗോൾഫിലും സെയിലിംഗിലും ഇന്ത്യൻ അത്‌ലറ്റുകൾ ഇന്ന് മത്സരിക്കുന്നുണ്ട്. ബാഡ്മിൻറണിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, പുരുഷ സിംഗിൾസ് സെമിഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യൻ താരമെന്ന ചരിത്ര നേട്ടം സ്വന്തമാക്കി. അമ്പെയ്ത്തിന്റെ മിക്സഡ് ഡബിൾസ് ഫൈനലിൽ ഇന്ത്യയുടെ അങ്കിത - ധീരജ് സഖ്യം നാലാമതായി ഫിനിഷ് ചെയ്തെങ്കിലും വെങ്കല മെഡലിനായുള്ള മത്സരത്തിൽ പരാജയപ്പെട്ടു. പുരുഷ ഹോക്കിയുടെ ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ ബ്രിട്ടനെ നേരിടും.

&&&&&&&&&&&&&&&&

## ISRAEL ADVISORY

ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദേശം നൽകി ഇസ്രായേൽ നഗരമായ ടെൽ അവീവിലെ ഇന്ത്യൻ എംബസി. രാജ്യത്തിനകത്ത് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാൻ എംബസി നിർദ്ദേശിച്ചു. ഗോലൻ മലനിരകളിൽ 12 കുട്ടികൾ കൊല്ലപ്പെടുകയും ഹിസ്ബുള്ള നേതാവ് ഫൗദ് ശുക്കറിനെ ഇസ്രയേലി സേന വധിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് മേഖലയിൽ സ്ഥിതിഗതികൾ രൂക്ഷമായത്. ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും എംബസിയുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&

## TURKEY INSTAGRAM BLOCKED

സാമൂഹികമാധ്യമമായ ഇൻസ്റ്റഗ്രാമിന്റെ ഉപയോഗം തടഞ്ഞ് തുർകിയെ. ഹമാസ് നേതാവ് ഇസ്മായിൽ ഹനിയയെയുടെ മരണവുമായി ബന്ധപ്പെട്ട അനുശോചന സന്ദേശങ്ങൾ, ഇൻസ്റ്റഗ്രാം അനുവദിക്കുന്നില്ലെന്ന് തുർകിയെ സർക്കാർ ആരോപണം ഉന്നയിച്ചിരുന്നു. അമേരിക്കൻ കമ്പനിയായ 'മെറ്റ' യുടെ ഉടമസ്ഥതയിലുള്ള പ്ലാറ്റ്ഫോമിൻറെ പ്രവർത്തനരീതിയെ വിമർശിച്ച ടർക്കിഷ് ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥർ, അഭിപ്രായസ്വാന്തന്ത്ര്യത്തിന് വേണ്ടി നിലകൊള്ളുമെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&&

## SC- LOK ADALAT

സുപ്രീം കോടതിയുടെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തി വന്ന 'ലോക് അദാലത്ത്' ഇന്ന് സമാപിക്കും. ലോക് അദാലത്തിലൂടെ ആയിരത്തിലധികം കേസുകൾ പരിഹരിച്ചതായി കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്വാൾ അറിയിച്ചു. തീർപ്പാകാതെ കിടക്കുന്ന കേസുകളിൽ വേഗത്തിൽ രമ്യമായ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് അദാലത്ത് സംഘടിപ്പിച്ചത്. കഴിഞ്ഞ മാസം 29 നാണ് ലോക് അദാലത്തിന് തുടക്കമായത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&